A

304

# വാർഷിക മൂല്യനിർണയം 2017–18
## പരിസരപഠനം

സ്റ്റാൻഡേർഡ് - III

സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ______________________

വിദ്യാലയത്തിന്റെ പേര് ______________________

ഡിവിഷൻ ______________________

രക്ഷിതാവിന്റെ ഒപ്പ് ______________________

അധ്യാപകന്റെ ഒപ്പ് ______________________

| പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|
| പ്രവർത്തനം 1 | |
| പ്രവർത്തനം 2 | |
| പ്രവർത്തനം 3 | |
| പ്രവർത്തനം 4 | |
| പ്രവർത്തനം 5 | |
| പ്രവർത്തനം 6 | |
| ഓവറോൾ ഗ്രേഡ് | |

### നിർദേശങ്ങൾ

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പതിനഞ്ചു മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
- തന്നിരിക്കുന്ന ആറു മൂല്യനിർണയ പ്രവർത്തനങ്ങളിൽ നന്നായി ഉത്തരമറിയാവുന്ന ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതാൻ തെരഞ്ഞെടുക്കുന്ന ചോദ്യങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതാൻ ശ്രമിക്കേണ്ടതാണ്.

### പ്രവർത്തനം - 1 രാവും പകലും

എ) സ്കൂളിലേക്ക് പോകാനിറങ്ങുന്ന സമയത്താണ് ദീപുവിന് അമേരിക്കയിൽ നിന്നും അമ്മാവന്റെ ഫോൺ വന്നത്. അവിടെയിപ്പോൾ രാത്രിയാണെന്നു കേട്ടപ്പോൾ അമ്മൂമ്മയ്ക്കു സംശയമായി. അമ്മൂമ്മയുടെ സംശയം മാറ്റാൻ ദീപു എന്തൊക്കെ കാര്യങ്ങളാണ് പറഞ്ഞിട്ടുണ്ടാവുക?

ബി) ദീപു പറഞ്ഞ കാര്യങ്ങൾ തെളിയിക്കുന്നതിനുള്ള ഒരു പരീക്ഷണക്കുറിപ്പ് തയാറാക്കൂ.

**പ്രവർത്തനം - 2 ശലഭവും പൂവും**



റോസ്



മുല്ല





ചെമ്പരത്തി

എ) നിശാശലഭം ഏതു പൂവിലേക്കായിരിക്കും പറന്നുചെല്ലുക?

ബി) നിശാശലഭം എന്തുകൊണ്ടാണ് ഈ പൂവിനെ തെരഞ്ഞെടുത്തത്?

സി) പൂക്കൾക്കുമാത്രമാണോ ഗന്ധമുള്ളത്? ഗന്ധം കൊണ്ട് തിരിച്ചറിയാവുന്ന എത്ര ഇലകളെ നിങ്ങൾക്കറിയാം? അവയുടെ പേരെഴുതൂ...

**പ്രവർത്തനം-3 പുഴുവിൽ നിന്നും**

എ) ചിത്രശലഭത്തിന്റെ വളർച്ചാഘട്ടവുമായി ബന്ധപ്പെട്ട് നൽകിയ ചിത്രങ്ങൾ ശ്രദ്ധിക്കൂ..................



ഇവയെ ശരിയായ ക്രമത്തിൽ മാറ്റി വരയ്ക്കൂ. ചുവടെ പേരെഴുതൂ......

ഇവിടെ വരയ്ക്കൂ.

ബി) നമ്മുടെ നാട്ടിൽ സാധാരണയായി കാണപ്പെടുന്ന ഒരു പൂമ്പാറ്റയാണ് 'വിലാസിനി'. ഇതുപോലെ നിങ്ങൾക്ക് എത്ര പൂമ്പാറ്റകളുടെ പേരറിയാം? എഴുതൂ.....

| | |
|---|---|
| 1 | 3 |
| 2 | 4 |

സി) നമ്മുടെ തോട്ടത്തിലേക്ക് പൂമ്പാറ്റകളെ ആകർഷിക്കാൻ ഏതൊക്കെ ചെടികൾ വെച്ചുപിടിപ്പിക്കാം? പേരെഴുതൂ......

+
+
+

## പ്രവർത്തനം-4 വസ്ത്രങ്ങൾ വേണം

എ) 'പക്ഷികളുടെ വസ്ത്രങ്ങളാണ് അവയുടെ തൂവലുകൾ' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ടാണെന്ന് എഴുതുക.

ബി) നിങ്ങൾ എഴുതിയിരിക്കുന്ന ഈ ആവശ്യങ്ങൾ നിറവേറ്റാൻ മൃഗങ്ങളെ സഹായിക്കുന്നത് ഏതേതു ശരീരഭാഗങ്ങളാണ്?

സി) വസ്ത്രങ്ങൾ ധരിക്കുന്നതുകൊണ്ട് നമുക്ക് എന്തൊക്കെ പ്രയോജനങ്ങളാണുള്ളത്? എഴുതൂ.



## പ്രവർത്തനം-5 അടയാളങ്ങൾ

താഴെ കൊടുത്ത ചിത്രങ്ങളിലെ ചില ജന്തുക്കളും സസ്യങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗിക അടയാളങ്ങളാണ്.

എ) ജീവികളെ തന്നിരിക്കുന്ന സൂചനകളുമായി ബന്ധപ്പെടുത്തി യോജിച്ച കളങ്ങളിൽ നമ്പർ എഴുതൂ.

(1) 




(3)

(4) 




(6)

(7) 


(8)



| | |
|---|---|
| | നമ്മുടെ സംസ്ഥാന മൃഗം |
| | നമ്മുടെ സംസ്ഥാന വൃക്ഷം |
| | നമ്മുടെ സംസ്ഥാന പക്ഷി |
| | നമ്മുടെ സംസ്ഥാന മത്സ്യം |

ബി) ചിത്രത്തിലെ വരയാടിനെ ശ്രദ്ധിച്ചുവല്ലോ.
വരയാടുകൾ സംരക്ഷിക്കപ്പെടുന്നത് എവിടെയാണ്? ആ സ്ഥലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

**പ്രവർത്തനം-6 യാത്രക്കാരുടെ ശ്രദ്ധയ്ക്ക്**

വളവും തിരിവുമുള്ള റോഡിലൂടെ ബസ് വേഗത്തിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുമ്പോഴാണ് മനു പെട്ടെന്ന് സീറ്റിൽ നിന്നും തെറിച്ചു വീണത്. "ബസിനകത്ത് നന്നായി പിടിച്ചിരിക്കണം" കണ്ടക്ടർ പറഞ്ഞു..

എ) വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ യാത്രക്കാർ എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്?

ബി) കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചു കടക്കുന്നതിനായി റോഡിൽ വരച്ചിട്ടുള്ള അടയാളത്തിന്റെ പേരെന്ത്?